# ‘നീതിന്യായ വ്യവസ്ഥക്ക് തീരാകളങ്കം - ഖാദി ഹുസൈൻ

**പാകിസ്താനിലെ** ചീഫ് ജസ്റ്റിസ് ഇഫ്തിഖാർ മുഹമ്മദ് ചൗധരിയെ പുറത്താക്കിയ നടപടി നീതിന്യായ സംവിധാനത്തിന് തീരാകളങ്കമാണെന്ന് പാക് പ്രതിപക്ഷ മുന്നണിയായ മുത്തഹിദ മജ്ലിസെ അമലി(എം.എം.എ)ന്റെ അധ്യക്ഷനും പാക് ജമാഅത്തെ ഇസ്‌ലാമി അമീറുമായ ഖാദി ഹുസൈൻ അഭിപ്രായപ്പെട്ടു. ഇതിനെതിരെ എല്ലാ രാഷ്ട്രീയ കക്ഷികളും ഒന്നിച്ചു നീങ്ങണമെന്നും അദ്ദേഹം നിർദേശിച്ചു.

സുപ്രീംകോടതി വളരെ നിർണായകമായ ചില നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യാനിരിക്കെയാണ് പ്രസിഡന്റ് മുശർറഫ് ചീഫ് ജസ്റ്റിസിനെ പുറത്താക്കിയിരിക്കുന്നത്. 2007-നു ശേഷം മുശർറഫിന് സൈനിക യൂനിഫോം ഉപയോഗിക്കാൻ പറ്റുമോ എന്നത് അത്തരം നിയമപ്രശ്നങ്ങളിലൊന്നാണ്. അതിനാൽ ജുഡീഷ്യറിയുടെ ചിറകരിയുന്നതിന് തുല്യമായേ ഈ നടപടിയെ കാണാനാവൂ. രാജ്യത്തിന്റെ ചരിത്രത്തിൽ ഇതുപോലൊരു തീരുമാനം ആദ്യമാണ്. 2007-ന് ശേഷം മുശർറഫിന് സൈനിക യൂനിഫോം അണിയാൻ കഴിയില്ലെന്നാണ് നിയമവിദഗ്ധരുടെ അഭിപ്രായമെന്നും ഖാദി ഹുസൈൻ കൂട്ടിച്ചേർത്തു. ■

# മുസ്‌ലിം ഉന്നമനത്തിന് ബൃഹത് പദ്ധതി

ഇന്ത്യൻ മുസ്‌ലിംകളെ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയർത്തിക്കൊണ്ടു വരുന്നതിന് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം നൽകുന്നു. ‘ഇന്ത്യൻ മുസ്‌ലിം ചരിത്രത്തിൽ ഒരു പുതുയുഗപ്പിറവിക്ക് ഇത് തുടക്കം കുറിക്കും’ - ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സെക്രട്ടറി (സേവനവിഭാഗം) പ്രഫ. കെ.എ സിദ്ദീഖ് ഹസൻ പറഞ്ഞു.

ജിദ്ദയിൽ *അറബ് ന്യൂസ്* ദിനപത്രത്തോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഘട്ടം ഘട്ടമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് ഏകദേശം 125 മില്യൻ അമേരിക്കൻ ഡോളർ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. ‘മുസ്‌ലിംകൾക്കും മുസ്‌ലിംകളല്ലാത്തവർക്കും ഒരുപോലെ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ഇന്ത്യയിലെ എല്ലാ വിഭാഗം ജനങ്ങളിൽനിന്നും ആശാവഹമായ പ്രതികരണമാണ് ഇതിന് ലഭിച്ചുകൊണ്ടിരിക്കുന്നത്’- അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ മുസ്‌ലിംകളുടെ പരിതാപകരമായ നില അനാവരണം ചെയ്യുന്ന സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ വളരെ പ്രസക്തമായിത്തീർന്നിരിക്കുകയാണ് ഇത്തരമൊരു പദ്ധതി. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ തുടങ്ങിയ മേഖലകളിൽ ദലിതരേക്കാൾ പിന്നാക്കമാണ് മുസ്‌ലിംകളെന്ന് മുൻ ദൽഹി ഹൈക്കോടതി ചീഫ് ജസ്റ്റിസ് രജീന്ദർ സച്ചാർ 2006 നവംബറിൽ പാർലമെന്റിന് സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.

‘വിഷൻ 2016’ എന്ന് പേരിട്ടിരിക്കുന്ന പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മുസ്‌ലിംകൾ വളരെ പിന്നാക്കമായ ഇന്ത്യയിലെ 58 ജില്ലകൾ തെരഞ്ഞെടുത്ത് അവിടെ ആരോഗ്യ ചികിത്സാ കേന്ദ്രങ്ങളും സ്കൂളുകളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും സ്ഥാപിക്കും. ചെറുകിട വ്യവസായങ്ങൾക്കും വ്യാപാര സംരംഭങ്ങൾക്കും വായ്പ നൽകാനും ഉദ്ദേശിക്കുന്നുണ്ട്.

“അല്ലാഹുവിന്റെ സഹായത്താൽ ഈ പദ്ധതി നൂറ് ശതമാനവും വിജയിക്കുമെന്ന് എനിക്കുറപ്പുണ്ട്”- സിദ്ദീഖ് ഹസൻ കൂട്ടിച്ചേർത്തു. മിക്ക ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും വളരെ പരിതാപകരമാണ് മുസ്‌ലിംകളുടെ അവസ്ഥ. സാമൂഹിക വിരുദ്ധ ശക്തികൾ ഇത് ചൂഷണം ചെയ്യുകയാണ്. “നഗരപ്രദേശങ്ങളിൽ 38.5 ശതമാനം മുസ്‌ലിംകൾ ദാരിദ്ര്യരേഖക്ക് താഴെയാണ്. വർഷങ്ങളായി അവരിലെ ലക്ഷക്കണക്കിനാളുകൾ പോഷകമൂല്യമുള്ള ഭക്ഷണം കഴിച്ചിട്ടില്ല. പലരും ചേരികളിലാണ് കഴിയുന്നത്. ദാരിദ്ര്യം കാരണം അവരിൽ ചിലർക്ക് തങ്ങളുടെ മതവിശ്വാസം പോലും ഉപേക്ഷിക്കേണ്ടിവന്നു. തങ്ങളുടെ പാവപ്പെട്ട സഹോദരന്മാരെ തിരിഞ്ഞു നോക്കാത്തതിന് സുസ്ഥിതിയിൽ കഴിയുന്ന മുസ്‌ലിംകൾ അല്ലാഹുവിനോട് സമാധാനം പറയേണ്ടിവരും.”

സർക്കാറും സർക്കാറേതര സംഘടന(എൻ.ജി.ഒ)കളും ഈ പദ്ധതിക്ക് പിന്തുണ നൽകുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു. മുസ്‌ലിം ബുദ്ധിജീവികളും പ്രഫഷനലുകളും പദ്ധതി വിജയിപ്പിക്കാൻ അവരുടെ കഴിവുകളും വൈദഗ്ധ്യവും സംഭാവന ചെയ്യണമെന്നും അദ്ദേഹം നിർദേശിച്ചു.

(പി.കെ അബ്ദുൽ ഗഫൂർ, *അറബ് ന്യൂസ്* 2007 മാർച്ച് 8)